# താരങ്ങളെ വെറുതെവിടാം

മലയാള സിനിമയുടെ ജാതിചർച്ച പുതിയ സംഗതിയല്ല. പക്ഷേ ഇന്നും വിവാദം ഉയർത്തിയിട്ടുണ്ട്.

സിനിമയുടെ ജാതി എന്നു പറയുമ്പോൾ എന്താണുദ്ദേശിക്കുന്നത്? കഥയുടേതോ, കഥാകൃത്ത് മുതൽ സംവിധായകൻ വരെയുള്ള നിർമാണ സമൂഹത്തിന്റേതോ, കഥാപാത്രങ്ങളുടേതോ അതോ നടീനടന്മാരുടേതോ.

മമ്മൂട്ടിയും ലാലും അവതരിപ്പിക്കുന്ന കഥാപാത്രങ്ങളുടെ ജാതിയന്വേഷിക്കുന്ന ലേഖകൻ "സവർണ സമുദായങ്ങളിൽപെടാത്ത ഏതു കഥാപാത്രങ്ങളെ അവർ ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ അവതരിപ്പിച്ചിട്ടുണ്ട്" എന്നു ചോദിക്കുന്നുണ്ട്. ഇതു കേട്ടാൽ തോന്നുക, അവർണ കഥാപാത്രങ്ങളെ അവതരിപ്പിക്കാത്തത് ഈ താരങ്ങൾ കരുതിക്കൂട്ടി ചെയ്യുന്ന അപരാധമാണെന്നും ഇവർ സവർണ പാത്രാഭിനയ ഭ്രാന്ത് പിടിച്ച് നടക്കുകയാണെന്നുമാണല്ലോ. അഭിനയം തൊഴിലായി മാത്രം കാണുന്നതല്ലേ ഭംഗിയും യുക്തിയും. കൈയിൽ വരുന്ന വേഷം സാക്ഷാത്കരിക്കുകയെന്നതിനപ്പുറം ഒരു താരത്തൊഴിലാളി കഥാപാത്രത്തിന്റെ ജാതി എന്തിനു നോക്കണം?

ഒരു ആധുനിക ഉത്പന്നം എന്ന നിലയിൽ സിനിമയുടെ നിർമ്മിതിക്കു പിറകിൽ ചില വ്യാപാര സമവാക്യങ്ങളുണ്ട്. സമാന്തര-വാണിജ്യ സിനിമകൾ എന്ന വർഗ്ഗീകരണം ഇന്നില്ല. പകരം യാഥാർത്ഥ്യബോധമുള്ളത് ഇല്ലാത്തത് എന്ന തരംതിരിവേ അല്പമെങ്കിലും സാധ്യമാകൂ. കച്ചവട തന്ത്രങ്ങൾ രണ്ടിലുമുണ്ടുതാനും.

യാഥാർത്ഥ്യബോധമുള്ള ഉത്പന്നത്തെക്കാൾ ജനത്തെ എക്കാലത്തും ആകർഷിക്കുന്നത് മിഥ്യാബോധം സൃഷ്ടിക്കുന്ന ഉത്പന്നങ്ങളാണ്. നമ്മുടെ മിഥ്യാ സ്വപ്നങ്ങളെ, മോഹങ്ങളെ, നിരാശകളെ ഉണർത്തിവിടുകയാണ് ഉത്പന്നം ചെലവാക്കാൻ പറ്റിയ പണി. ഇതു പാടില്ലെങ്കിൽ ശരി, സിനിമയോട് മാത്രമല്ല എല്ലാത്തിനോടും വേണ്ടിവരും കലഹം.

സവർണ കഥാപാത്രങ്ങളെ മാത്രം സൃഷ്ടിക്കുന്നത് കഥ-തിരക്കഥാ-കാരന്മാരായതിനാൽ അവരുടെ ചിന്തയിൽ ജാതീയത കടന്നുകൂടുന്നുവെന്ന് വിമർശിക്കാവുന്നതാണ്. താരങ്ങളെ ആക്രമിക്കുന്നതിലും ഭേദമിതാണ്. പക്ഷേ, ഈ വിമർശനം തന്നെ എത്രത്തോളം ന്യായമാണ്? സവർണ ഹിന്ദുക്കൾ ഇവിടെ ഭൂരിപക്ഷമായതുകൊണ്ടല്ല സവർണ ഹൈന്ദവതയിലൂന്നിയ നായക പാത്രങ്ങളെ നിർമ്മിക്കുന്നതെന്ന് ലേഖകൻ തന്നെ സമ്മതിക്കുന്നു. എങ്കിൽ പിന്നെ ന്യൂനപക്ഷത്തിന്റെ അധികാരശാസ്യം ഭൂരിപക്ഷത്തിന്റെ മേൽ അടിച്ചേല്പിക്കാനായിരിക്കുമോ?

ദൃശ്യമാധ്യമത്തിന്റെ വാണിജ്യ സാധ്യതകളെ ഉപയോഗിക്കാൻ ഏറ്റവും പറ്റിയ ഒരു സമുദായ പശ്ചാത്തലം തെരഞ്ഞെടുക്കാൻ ഉദ്ദേശിച്ചാൽ ഒരു നിർമ്മാതാവിന്റെയോ വാണിജ്യ സിനിമാ സംവിധായകന്റെയോ മനസ്സിൽ എന്താവും കടന്നുവരിക? ആനയും അമ്പാരിയും വെടിപ്പടക്കവും വലിയ ഉത്സവാഘോഷവും സംഗീത ഗാംഭീര്യവും വാസ്തുഭംഗിയും നിറദീപ്തിയുമൊക്കെയുള്ള വർണനാദ ദൃശ്യശബളമായ കഥാപരിസരമോ അതോ കേരളീയ ദൃശ്യഭംഗിക്ക് സാധ്യത കുറഞ്ഞ മറ്റേതെങ്കിലും സമുദായത്തിന്റെ കഥാപരിസരമോ? ഒരു തർക്കവും വേണ്ട, ആദ്യത്തേതാവും.

എന്തുകൊണ്ട് ഒരു ചാത്തൻ പുലയന്റെയോ ഒരു മുസ്ലിം മീൻകച്ചവടക്കാരന്റെയോ കഥ പറയുന്നില്ല എന്ന ചോദ്യം പ്രസക്തമാണ്. പക്ഷേ, അത്തരം പ്രമേയം വിദഗ്ധമായി വികസിപ്പിച്ച് വിജയിപ്പിക്കാനുള്ള പ്രതിഭയും ക്ഷമയും ഉള്ളവരുടെ അഭാവമാണ് കാരണം.

ഒരു പോപ്പുലർ സമവാക്യം ഉപയോഗിക്കുന്ന കഥാകൃത്തുക്കൾ ജാതീയതയുള്ളവരാണെന്ന് പറയാമോ. മാടമ്പിയെയും രക്ഷകനെയും എല്ലാ ജാതിക്കാരും ഏറ്റുവാങ്ങുന്നുണ്ടല്ലോ. സിനിമ വിജയിക്കാനുള്ള സമവാക്യനിർമാണം വെറും തൊഴിൽ മാത്രമാകുമ്പോൾ, എല്ലാവരും ആർക്കോ വേണ്ടി സ്വന്തം കഴിവ് ഉപയോഗിക്കുകയാണെന്നേ കരുതേണ്ടൂ.

ചലചിത്രകാരനേക്കാൾ നിർമ്മാതാവിന് കഥയുടെ തെരഞ്ഞെടുപ്പിൽ പ്രാമാണ്യം വന്നതിന്റെ ഫലമാണിത്. കച്ചവട മനോഭാവം ശക്തമായ തൊണ്ണൂറുകളിലാണ് ഈ സ്വഭാവം സിനിമാരംഗത്ത് ഭീമാകാരം പൂണ്ടത്. യഥാർത്ഥത്തിൽ ജാതീയതയല്ല സിനിമയ്ക്കകത്തെ വില്ലൻ; പകരം ചലച്ചിത്രകാരന്റെ സ്വാതന്ത്ര്യമില്ലായ്മയാണ്. പാവം താരങ്ങളെ വെറുതെ വിടാം. അവരുടെ രൂപഭാവങ്ങൾ യഥാർത്ഥത്തിൽ തീരുമാനിക്കുന്ന ചലച്ചിത്ര ലോകത്തെ നിർമാണ പ്രഭുക്കളെ നമുക്ക് പ്രതിസ്ഥാനത്ത് നിർത്താം.

ഒരു സൃഷ്ടി ആസ്വദിക്കുമ്പോൾ ഭൂരിപക്ഷത്തിനും ജാതിവിവേചനബോധം വരുന്നുണ്ടെങ്കിൽ അത് സമൂഹ ശരീരത്തിലെ രോഗമാണ്. അതിനർത്ഥം സമൂഹത്തിൽ ജാതി ഇന്നും സജീവമായി കളിക്കുന്നുണ്ട് എന്നാണ്. അല്ലാതെ സമൂഹത്തിലില്ലാത്തത് സിനിമയിൽനിന്നും പടരുന്നു എന്നല്ല.

**സി. നാരായണൻ**